# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വനാതിർത്തിയിലെ റോഡുകളുടെ പുനരുദ്ധാരണം</u>

180 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തിക്കുള്ളിലൂടെ കടന്നുപോകുന്ന റോഡുകൾ പുനരുദ്ധരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് ഇപ്രകാരം എത്ര റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുന്നുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റോഡുകളിലൂടെയുള്ള യാത്ര ദുസ്സഹമായ സാഹചര്യത്തിൽ അവ സമയബന്ധിതമായി പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**18.03.2013-ലെ മറുപടിക്ക്**

<u>ഔഷധത്തോട്ടങ്ങൾ</u>

181 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനത്തോടു ചേർന്നുള്ള പ്രദേശങ്ങളിൽ ഔഷധ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) ഈ പദ്ധതിയിൽ ആരെയൊക്കെ സഹകരിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കേന്ദ്ര സഹായമാണ് പദ്ധതിക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അർബൻ ഫോറസ്ട്രി പദ്ധതി</u>

182 ശ്രീ. കെ. അച്ചുതൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർബൻ ഫോറസ്ട്രി പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ നഗരങ്ങളുടെ സൗകര്യം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>വനമേഖലയിലെ തോട്ടങ്ങൾ</u>

183 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യൂ. റ്റി. തോമസ്
ശ്രീ. ജോസ് തെറ്റയിൽ
ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനംമേഖലയിൽ എത്ര തോട്ടങ്ങളാണ് പാട്ടകരാർ ലംഘിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; ഏതെല്ലാം;

(ബി) ഇവയിൽ പാട്ട കാലാവധി കഴിഞ്ഞ തോട്ടങ്ങൾ എത്ര; ഏതെല്ലാം;

(സി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി മേഖലയിലെ തോട്ടങ്ങൾ ഏറ്റെടുക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>പരിസ്ഥിതിലോല മേഖലകൾ</u>

184 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രൊഫ. മാധവ്ഗാഡ്ഗിൽ റിപ്പോർട്ടു പ്രകാരം 17 താലൂക്കുകൾ അതീവ പരിസ്ഥിതിലോല മേഖലകളായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള വനം വകുപ്പിന്റെ നിലപാട് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പൈതൃകസംരക്ഷണ പദ്ധതിയിൽ നിന്നും പ്രസ്തുത 17 താലൂക്കുകളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കൽ</u>

185 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പരിസ്ഥിതി-വനം വകുപ്പുകളുടെ ആഭിമുഖ്യത്തിൽ കണ്ടൽ കാടുകൾ വച്ചു പിടിപ്പിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുക, ഏതെല്ലാം പ്രദേശങ്ങളിൽ കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പൊതു ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനായി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഏതെല്ലാം പരിപാടികൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) കരാർ നൽകിയാണോ കണ്ടൽചെടികൾ വച്ച് പിടിപ്പിച്ചിട്ടുള്ളത്; എങ്കിൽ എന്നാണ് ടെൻഡർ ക്ഷണിച്ചിരുന്നതെന്നും ആർക്കാണ് കരാർ നൽകിയിട്ടുള്ളതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ തോട്ടം ഏറ്റെടുക്കൽ</u>

186 ശ്രീ. ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാർ
,, വി. ചെന്താമരാക്ഷൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാട്ടക്കരാർ ലംഘിച്ച തോട്ടം ഉടമകളെ പുറത്താക്കി നെല്ലിയാമ്പതിയിലെ കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ പിടിച്ചെടുക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിനെ തുരങ്കം വെക്കുന്ന നിലയിലുള്ള ഇടപെടലുകളെ ചെറുക്കുമോ;

(ബി) നെല്ലിയാമ്പതിയിലെ പരിസ്ഥിതി ദുർബല പ്രദേശത്ത് എത്ര ഏക്കർ ഭൂമി വീതം ആരെല്ലാം അനധികൃതമായി കൈവശം വച്ച് വരുന്നതായി കരുതുന്നുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) നെല്ലിയാമ്പതിയിലെ പരിസ്ഥിതി ദുർബലപ്രദേശത്ത്, നിയമവിരുദ്ധമായി കൈവശം വച്ച് വരുന്ന ഏതെല്ലാം ഭൂമി അടിയന്തിരമായി ഒഴിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ ശുപാർശ ലഭിച്ചിട്ടുണ്ട്; ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ നിക്ഷിപ്ത വനഭൂമിയിലെ സംയുക്ത പരിശോധന

187 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട മുപ്പൈനാട്, തൃക്കൈപ്പറ്റ, വെള്ളരിമല, കോട്ടപ്പടി, കുന്നത്തിടവക വില്ലേജുകളിലെ നിക്ഷിപ്ത വനഭൂമിയിൽ സംയുക്ത പരിശോധന നടത്തുന്നതു സംബന്ധിച്ച് 22.5.2010 ലെ ജി. ഒ (ആർ.റ്റി) നമ്പർ 2443/10/റവന്യൂ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവു പ്രകാരം റവന്യൂ വനം വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പ് തയ്യാറാക്കിയ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്മേൽ വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) സംയുക്ത പരിശോധന ഇനിയും ആവശ്യമായ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിന് വനം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിലെ വനസംരക്ഷണ സമിതികൾ</u>

188 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ എത്ര വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത വനസംരക്ഷണ സമിതികളിൽ എത്ര അംഗങ്ങളാണുള്ളത്;

(സി) അയ്യംപുഴ ഗ്രാമപഞ്ചായത്തിലുള്ളതും അതിരപ്പിള്ളി ഫോറസ്റ്റ് റേഞ്ചിന്റെ കീഴിലുള്ളതുമായ താടിമുടി, കുന്തിര തുടങ്ങിയ വനമേഖലയിൽ ദിവസങ്ങളായി തുടരുന്ന കാട്ടുതീ അണയ്ക്കുന്ന കാര്യത്തിൽ വനം വകുപ്പ് കാണിക്കുന്ന അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>തടിവ്യവസായം</u>

189 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട തടിവ്യവസായയൂണിറ്റുകളും തടിമില്ലുകളും സ്ഥാപിക്കുന്നതിന് സംരംഭകർ വനം വകുപ്പിൽ നിന്നും ലൈസൻസ് നേടുന്നതിന് എന്തെല്ലാം രേഖകളാണു സമർപ്പിക്കേണ്ടതെന്നും, എന്തെല്ലാം നടപടിക്രമങ്ങളാണു പാലിക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച വ്യവസ്ഥകളുടെയും സർക്കാർ ഉത്തരവുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ചെറുകിട സംരംഭകർക്ക് തടിവ്യവസായത്തിനും തടിമില്ലുകൾ തുടങ്ങുന്നതിനും ലൈസൻസ് നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലൈസൻസികളുടെ പേരും മേൽവിലാസവും സഹിതം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

വനമേഖലയിലെ വിനോദസഞ്ചാരം

190 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ വിനോദസഞ്ചാരത്തിന്റെ ഭാഗമായി വനത്തിലേക്ക് ആകർഷിക്കുന്നതിന് വനം വികസന കോർപ്പറേഷൻ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. വിശദമാക്കുമോ;

(ബി) പരിസ്ഥിതിക്കും പ്രകൃതിക്കും ഇണങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പദ്ധതി നടത്തിപ്പിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>അതിരപ്പിള്ളിയിലെ ടൂറിസ്റ്റ് സൗകര്യങ്ങൾ</u>

191 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി ടൂറിസ്റ്റു മേഖലയിൽ എത്തുന്ന ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## സ്വാഭാവിക വനവത്ക്കരണം നടപ്പിലാക്കിയ പ്രദേശത്തെ അഗ്നിബാധ

192

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നഗരസഭയോട് ചേർന്നു കിടക്കുന്ന പിറവന്തൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പത്തുപറയിൽ സ്വാഭാവിക വനവത്ക്കരണം നടപ്പിലാക്കിയ പ്രദേശത്തുണ്ടായ അഗ്നിബാധയിൽ എത്ര ലക്ഷം രൂപയുടെ നാശനഷ്ടം സംഭവിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; കുറ്റവാളികൾക്ക് കർശന ശിക്ഷ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കാവുകളുടെ സംരക്ഷണം</u>

193 ശ്രീ. എം. ഉമ്മർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, സി. മോയിൻകുട്ടി
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാവുകൾ സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാവുകൾ നശിപ്പിക്കുന്നത് ജലദൗർലഭ്യത്തിനും ആവാസ വ്യവസ്ഥയുടെ തകർച്ചയ്ക്കും വഴിവെക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാവുകൾ സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വന്യമൃഗങ്ങളുടെ ആക്രമണം</u>

194 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, റ്റി. എ. അഹമ്മദ് കബീർ
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളോട് ചേർന്നുള്ള സ്ഥലങ്ങളിലും വനത്തിനുള്ളിലുമുള്ള മനുഷ്യാധിവാസകേന്ദ്രങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) വനപ്രദേശങ്ങളിൽ നിന്നും അകലെ സ്ഥിതി ചെയ്യുന്ന കൃഷിയിടങ്ങളിലും, വാസസ്ഥലങ്ങളിലും വന്യമൃഗ സാന്നിദ്ധ്യവും, ആക്രമണങ്ങളും ഉണ്ടാവുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകളുടെ വിശദവിവരം നൽകാമോ;

(സി) വന്യമൃഗങ്ങളുടെ സൈ്വര്യജീവിതം ഉറപ്പാക്കിക്കൊണ്ട്, ജനജീവിതത്തിന് നേരെ അവയിൽ നിന്നുണ്ടായിക്കൊണ്ടിരിക്കുന്ന ഭീഷണി ഒഴിവാക്കുന്ന കാര്യത്തിൽ സ്വീകരിക്കാവുന്ന എല്ലാ പരിഹാര മാർഗ്ഗങ്ങളെയും കുറിച്ച് പരിശോധിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്ക് ധനസഹായം</u>

195 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ ആക്രമണത്തിൽ മരണപ്പെടുന്നവർക്കും പരുക്ക് പറ്റിയവർക്കും വകുപ്പ് മുഖേന ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) അപേക്ഷ നൽകുന്നതിനുള്ള വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഈ ഇനത്തിൽ എന്ത് തുക കുടിശ്ശിക നൽകാനുണ്ട്; അറിയിക്കാമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>കായികനയം</u>

196 ശ്രീ. കെ. ശിവദാസൻ നായർ
,, എ. റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ സംസ്ഥാനത്ത് കായികനയം പ്രഖ്യാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

ബി നയത്തിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ് ;

സി നയത്തെ അടിസ്ഥാനമാക്കി നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

ഡി ഇത് സംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

കളിക്കളങ്ങളുടെ പുനരുദ്ധാരണം

197 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ കായികവികസനത്തിന് സഹായകരമായ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത്;

(ബി) കളിക്കളങ്ങളുടെ പുനരദ്ധാരണത്തിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വിഷൻ ഇന്ത്യ ഫുട്ബോൾ പദ്ധതി</u>

198 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഷൻ ഇന്ത്യ ഫുട്ബോൾ പദ്ധതി ഇപ്പോൾ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പിലാക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>സ്പോർട്സ് അസോസിയേഷനുള്ള ഫണ്ട്</u>

199 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്പോർട്സ് അസോസിയേഷനുകൾക്ക് പ്രവർത്തന ഫണ്ട് നൽകേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ട് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കരാട്ടെയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം</u>

200 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരാട്ടെയ്ക്ക് സ്പോർട്സ് കൗൺസിൽ അംഗീകാരം നൽകാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ഇത് മൂലം കരാട്ടെയിൽ മികവ് തെളിയിച്ച കായിക താരങ്ങൾക്ക് ഒരു പരിഗണനയും ലഭിക്കാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കരാട്ടെ പരിശീലനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) സ്കൂൾ തലത്തിൽ വിദ്യാർത്ഥികൾക്ക് കരാട്ടെ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസ് - കോഴിക്കോട് ജില്ലയിലെ വേദികൾ</u>

201 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയുംവകുപ്പ**
സദയം മറുപടി നൽകുമോ:

ദേശീയ ഗെയിംസിൽ കോഴിക്കോട് ജില്ലയിൽ എത്ര വേദികളാണ് ഉള്ളതെന്നും, ഓരോ വേദിയുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയം</u>

202 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ നാഷണൽ ഗെയിംസിനുവേണ്ടി എന്തൊക്കെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തു തുക ഇതേവരെ ചെലവഴിച്ചു; എത്ര ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്;

(സി) ഇതോടനുബന്ധിച്ച് സ്വിമ്മിംഗ് പൂൾ നിർമ്മിച്ചിട്ടുണ്ടോ; എങ്കിൽ അതിന് എന്തു തുക ചെലവഴിച്ചു;

(ഡി) എ.സി. സംവിധാനമൊരുക്കാൻ എന്തു തുക ഇതേവരെ ചെലവഴിച്ചു; റേറ്റ് കോൺട്രാക്ട് പ്രകാരമാണോ എ.സി പ്ലാന്റുകൾ വാങ്ങിയത്; അല്ലെങ്കിൽ ഏതു വിധത്തിലാണെന്നതിന്റെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സിന്തറ്റിക് ബാസ്കറ്റ് ബാൾ കോർട്ട്</u>

203 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവ. കോളേജിൽ ''സിന്തറ്റിക് ബാസ്ക്കറ്റ് ബോൾ കോർട്ട്'' അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; നിർമ്മാണം ആരംഭിയ്ക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കായികതാരങ്ങൾക്ക് ജോലി</u>

204 ശ്രീ. വർക്കല കഹാർ
,, പാലോട് രവി
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് ജോലി നൽകുന്നതിൽ സുതാര്യത ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിയമനം നൽകുന്ന കാര്യത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ ഏപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്പോർട്ട്സ് ക്വോട്ടാ നിയമനം</u>

205 ശ്രീ. റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേശീയ സ്കൂൾ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്കും കോച്ചുമാർക്കും സ്കൂളുകൾക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം മത്സരങ്ങളിൽ മികവ് പുലർത്തുന്നവർക്കും സ്കൂളുകൾക്കും പ്രത്യേക ക്യാഷ് അവാർഡുകൾ നൽകുന്നതിനും പരിശീലനത്തിന് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) മേളകളിൽ മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്പോർട്സ് ക്വോട്ട നിയമനം വേഗത്തിലാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കളിസ്ഥലം നിർമ്മിക്കുന്നതിന് ധനസഹായം</u>

206 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കളിക്കളങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണു നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കുമോ;

(ബി) അമ്പലപ്പുഴ ഗവണ്മെന്റ് എൽ.പി. സ്കൂൾ ഗ്രൗണ്ട് മണ്ണിട്ടുയർത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(സി) സ്കൂളുകൾക്ക് കളിസ്ഥലം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിലെ കളിസ്ഥലം</u>

207

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ വിദ്യാലയങ്ങൾ ആരംഭിക്കുമ്പോൾ മിനിമം കളിസ്ഥലങ്ങൾ വേണമെന്ന നിബന്ധനയുണ്ടോ; എന്തൊക്കെയാണ് മാനദണ്ഡങ്ങൾ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതായുള്ള വ്യാജ രേഖകൾ ഉണ്ടാക്കി പണം വകമാറ്റി ചെലവഴിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കുമോ;

(ഡി) കളിക്കാനും കളി പരിശീലിക്കാനും വേണ്ട സൗകര്യങ്ങൾ ഇല്ലാത്തതിന്റെ പേരിൽ അന്യാധീനപ്പെട്ടുപോകുന്ന കളിസ്ഥലങ്ങൾ വീണ്ടെടുത്ത് സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>എച്ച്.എസ്.എസ് കളിൽ ബാസ്ക്കറ്റ് ബോൾ ഗ്രൗണ്ട്</u>

208 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ചെമ്പുച്ചിറ എച്ച്.എസ്.എസ് കളിൽ ഒരോ ബാസ്ക്കറ്റ് ബോൾ ഗ്രൗണ്ട് അനുവദിക്കുന്നതിനായി നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

സിനിമാശാലകളിൽ കലാമൂല്യമുള്ള സിനിമകളുടെ പ്രദർശനം

209 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധയാകർഷിക്കപ്പെടുകയും, നല്ല നിലവാരവും കലാമൂല്യവുമുള്ളതും വിവിധ മേഖലകളിൽ നിന്നും അംഗീകാരങ്ങൾ നേടുകയും ചെയ്യുന്ന പുതിയതും പഴയതുമായ ചലചിത്രങ്ങൾ കേരളത്തിലെ പ്രേക്ഷകർക്ക് പരിചയപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പമെന്റ് കോർപ്പറേഷന്റെ കീഴിലുള്ള വിവിധ തീയറ്ററുകളിൽ മേൽ പറഞ്ഞതരത്തിലുള്ള ലോക സിനിമകൾ മുൻകൂട്ടി പരസ്യപ്പെടുത്തിയ തീയതികളിൽ ടിക്കറ്റുകൾ മുൻകൂട്ടി വിറ്റഴിച്ച് പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഫിലിം ഫെസ്റ്റുവലുകളിലല്ലാതെ കേരളത്തിൽ സിനിമാ തീയേറ്ററുകളിൽ പ്രദർശിക്കപ്പെട്ട ലോക നിലവാരമുള്ളതും കലാമൂല്യമുളളതുമായ ചിത്രങ്ങൾ എത്രയാണെന്ന് പറയാമോ ; പ്രേക്ഷകന്റെ ആസ്വാദന നിലവാരത്തെയും യുക്തിയേയും ചോദ്യംചെയ്യാത്ത സിനിമകളെ പരിപോഷിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>സിനിമ വെബ് മാഗസിന്‍</u>

210 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണന്‍
,, ഹൈബി ഈഡന്‍
,, വി. പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മലയാളം സിനിമയ്ക്ക് അന്താരാഷ്ട്രതലത്തില്‍ പ്രചാരം നല്‍കുവാന്‍ എന്തെല്ലാം നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ബി) ഇതിനായി സിനിമ വെബ് മാഗസിന്‍ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം ;

(സി) ഏതെല്ലാം ഭാഷകളിലാണ് വെബ് മാഗസിന്‍ തുടങ്ങാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(ഡി) ഇത് എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ആദ്യകാല സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം</u>

211 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലയാളത്തിലെ ആദ്യകാല സിനിമകൾക്ക് ഡിജിറ്റൽ സംരക്ഷണം നൽകുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പഴയകാലങ്ങളിലെ മലയാള സിനിമകൾ പുതുതലമുറയ്ക്ക് ലഭ്യമാക്കുന്നതിനും പഠന ഗവേഷണങ്ങൾക്ക് ഉപയോഗിക്കുന്നതിനും എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) ആരുടെ നേതൃത്വത്തിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?